ചുറ്റുവട്ടം

# ജാപ്പനീസ് മാതൃക; ആശ്രാമത്ത് 'മിയാവാക്കി വനം' ഒരുങ്ങുന്നു

മനോരമ ലേഖകൻ
JUNE 22, 2020 07:21 AM IST



ആശ്രാമം മൈതാനത്ത് ഒരുങ്ങുന്ന മിയാവാക്കി വനം. ചിത്രം: മനോരമ

കൊല്ലം ● പരിചരണത്തിന്റെ സൂക്ഷ്മതയിൽ ആശ്രാമത്ത് മാതൃകാവനം ഒരുങ്ങുന്നു. വനവൽക്കരണത്തിന്റെ ജാപ്പനീസ് മാതൃകയായ മിയാവാക്കി വനമാണ് തയാറാകുന്നത്. പ്രാദേശിക സസ്യങ്ങൾക്കു പുറമെ 10 ശതമാനത്തിൽ താഴെ വിദേശത്തു നിന്നുള്ള ചെടികളുമുണ്ട്. ഔഷധ സസ്യങ്ങളും പഴവർഗങ്ങളും കൂട്ടത്തിലുണ്ട്. ചെമ്പകം, കാട്ടുനെല്ലി, കടമ്പ്, ചാമ്പ, ബദാം, മന്ദാരം, പാരിജാതം, പേര തുടങ്ങി 100 ഇനം സസ്യങ്ങൾ ഇവിടെ നട്ടിട്ടുണ്ട്. ചുരുങ്ങിയ സ്ഥലത്തു കൃത്രിമമായി നിർമിച്ചെടുക്കുന്ന വനമാണ് മിയാവാക്കി. തിരുവനന്തപുരം കനകക്കുന്നിലാണ് ഇതിനു മുൻപ് ഈ മാതൃക സൃഷ്ടിച്ചിട്ടുള്ളത്.

വനംവകുപ്പ്, ടൂറിസം വകുപ്പ് എന്നിവയുടെ മേൽനോട്ടത്തിൽ നേച്ചേഴ്സ് ഗ്രീൻ ഗാർഡിയൻ ഫൗണ്ടേഷനും കൾച്ചർ ഷോപ്പിയും ചേർന്നാണ് ഇവിടം വനമാക്കുന്നത്. ഒരു ചതുരശ്ര മീറ്ററിൽ മൂന്ന് മുതൽ അഞ്ച് വരെ തൈകൾ വരുന്ന രീതിയിലാണു മരങ്ങൾ നടുന്നത്. ആശ്രാമത്ത് 4 തൈകളാണു നടുന്നത്. ഇക്കൂട്ടത്തിൽ ഒരു വലിയവൃക്ഷത്തിന്റെ തൈ, ഔഷധസസ്യം, പഴവർഗം എന്നിവ ഉണ്ടാകും. 10 സെന്റിൽ 1600 തൈകൾ. ആകെ 20 സെന്റിലായി 3205 തൈകൾ ആശ്രാമത്തെ മിയാവാക്കിയിൽ വച്ചു പിടിപ്പിച്ചിട്ടുണ്ട്. 3 വർഷത്തേക്ക് കൃത്യമായി ഇവയെ പരിപാലിക്കും. ഇവയുടെ വളർച്ച സുഗമമാക്കാൻ ഒരു നിശ്ചിത ഉയരം വരെ ശാഖകൾ വെട്ടിക്കൊടുക്കും. ജപ്പാൻകാരനായ പ്രഫ.അകിര മിയാവാക്കിയാണ് ഈ രീതി ആവിഷ്കരിച്ചത്. കാലാവസ്ഥ വ്യതിയാനം ഉൾപ്പെടെയുള്ള പരിസ്ഥിതി പ്രശ്നങ്ങൾ തടയാൻ ഇത്തരം വനങ്ങൾക്കു സാധിക്കുമെന്നാണ് കണ്ടെത്തൽ.